**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 316** **27-10-2021 - ൽ മറുപടിയ്ക്ക്**

**യുവതികൾക്കായി കുടുംബശ്രീ സഹായക ഗ്രൂപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. സുമോദ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനം, ലിങ്കേജ് വായ്പ തുടങ്ങിയ സാമ്പത്തിക പ്രവർത്തനങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന ഉപാധികൾ, മറ്റ് സാമ്പത്തിക പിന്തുണകൾ, കാര്യശേഷി വികസനത്തിന് മുൻതൂക്കം നൽകികൊണ്ട് വിവിധ മേഖലയിലെ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | വികസന പ്രവർത്തനങ്ങളിലും നവകേരള നിർമ്മിതിയിലും കുടുംബശ്രീക്ക് ഫലപ്രദമായ പങ്ക് വഹിക്കാനായിട്ടുണ്ടോ; | (ബി) | ഉണ്ട്. വികസന പ്രവർത്തനങ്ങളിലും നവകേരള നിർമ്മിതിയിലും ഫലപ്രദമായ പങ്കുവഹിയ്ക്കാൻ കുടുംബശ്രീയ്ക്ക് സാധിക്കുന്നുണ്ട്. |
| (സി) | അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണത്തിനുതകുക എന്ന ലക്ഷ്യത്തോടെയാണോ പുതുതായി യുവതികളുടെ സഹായക ഗ്രൂപ്പുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ ഗ്രൂപ്പുകൾ മുഖേന നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | അസമത്വം നേരിടുന്ന സ്ത്രീകളുടെ സാമൂഹിക ശാക്തീകരണം കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പുതുതായി 18 മുതൽ 40 വയസ്സുവരെ യുള്ള യുവതികളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഗ്രൂപ്പുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ ചുവടെ ചേർക്കുന്നു:- - സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്നു. - സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദിയായി പ്രസ്തുത ഗ്രൂപ്പുകൾ വഴി യുവതികളെ ശാക്തീകരിക്കുക - സ്ത്രീകളുടെ കാര്യശേഷിയും സാമൂഹിക ഇടപെടൽശേഷിയും വർദ്ധിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്കെതിരെ |

| | | | |
|---|---|---|---|
| | | | പ്രതികരിക്കുന്നതിനും സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള വേദിയൊരുക്കുക. - അഭ്യസ്തവിദ്യരായ സ്ത്രീകളുടെ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സാമ്പത്തികവും വ്യക്തിപരവുമായ പുരോഗതി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. - വരുമാനദായക പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അവസരങ്ങളും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെന്നപോലെ അയൽക്കൂട്ടാംഗമല്ലാത്തവർക്കും ലഭ്യമാക്കി ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുന്ന യുവതികളുടെ കൂട്ടായ്മ വളർത്തുക. - സർഗ്ഗശേഷി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതുയിടങ്ങൾ സൃഷ്ടിക്കുക. - സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പഞ്ചായത്ത് തലം മുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള ഗ്രൂപ്പുകളായി പ്രവർത്തിക്കുക. - ഗ്രൂപ്പുകളിൽ നിന്നും സമാന സ്വഭാവമുള്ള കൺസോർഷ്യങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക. |

സെക്ഷൻ ഓഫീസർ